## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2909.** **06.11.2019 ൽ മറുപടിയ്ക്ക്**

## വീര്യം കുറഞ്ഞ മദ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | ചക്ക, കശുമാങ്ങ, വാഴപ്പഴം മുതലായവയിൽ നിന്നും മറ്റ് കാർഷികോല്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉണ്ടാക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 26/10/2019-ലെ സ.ഉ(കൈ)58/2019/നി.വ. പ്രകാരം പഴങ്ങളിൽ നിന്നും ധാന്യങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ തുടങ്ങിയ പാനീയങ്ങൾ ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ പാഴായി പോകുന്ന ചക്ക, കശുമാങ്ങ തുടങ്ങിയ പഴങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് സാധ്യത വളരെ കൂടുതലാണെന്നും ആയതിന് അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ആലോചിക്കണമെന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ച ചെയ്ത് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് 10/03/2014-ൽ കൂടിയ നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII നിർദ്ദേശിച്ചിരുന്നു. തുടർന്ന് 09/07/2014-ൽ സമർപ്പിച്ച കമ്മിറ്റി റിപ്പോർട്ടിലും ഇക്കാര്യം ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ മേൽനടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | അപ്രകാരം വീര്യം കുറഞ്ഞ മദ്യവും വൈനും ഉല്പാദിപ്പിക്കുന്നതിന് ആർക്കാണ് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നത്; | (സി) | ഇത്തരത്തിൽ വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിനുള്ള സംരംഭകർക്ക്, അബ്കാരി നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി ലൈസൻസ് നൽകുന്നതാണ്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (ഡി) | കശുമാമ്പഴത്തിൽ നിന്നും വീര്യം കുറഞ്ഞ മദ്യം നിർമ്മിക്കുന്നതിന് അനുമതി തേടി പയ്യാവൂർ സർവ്വീസ് സഹകരണ ബാങ്കും, ജാതിക്കയുടെ തോടിൽ നിന്നും വൈൻ ഉല്പാദിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | അനുമതി തേടി സ്പൈസസ് പ്രൊഡ്യൂസേഴ്സ് ലിമിറ്റഡ്, മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്നിവരും സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട് |
| (ഇ) | പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് എക്സൈസ് നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ഇ) യും (എഫ് ) ഉം | 26/10/2019-ലെ സ.ഉ(കൈ)58/2019/നി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അബ്കാരി നിയമത്തിൽ ആവശ്യമായ നിയമഭേദഗതിക്കായുള്ള ശുപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | നിലവിലെ വൈനറി റൂൾ വൻകിട വ്യവസായ യൂണിറ്റുകളെ ഉദ്ദേശിച്ചിട്ടുള്ളതാകയാൽ പുതിയ രീതിയിലുള്ള മദ്യ യൂണിറ്റുകളുടെ നിർമ്മാണത്തിന് പ്രത്യേക ചട്ടം രൂപീകരിക്കേണ്ടതുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ